പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5297 1/07/2014-ൽ മറുപടിക്ക്

# വള്ളിക്കുന്ന് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പറമ്പിൽ പീടികയിൽ കെ.എസ്.ഇ.ബി.യുടെ ഒരു പുതിയ സെക്ഷൻ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ ? | (എ)യും (ബി)യും<br>നിലവിലുള്ള സെക്ഷൻ ഓഫീസിലെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കിലോമീറ്റർ അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കിലോമീറ്റർ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത്. ചേളാരി, കന്നംപുറം, തലപ്പാറ എന്നീ സെക്ഷനുകൾ വിഭജിച്ച് വള്ളിക്കുന്ന് മണ്ഡലത്തിലെ പറമ്പിൽ പീടികയിൽ ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ബോർഡ് പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡത്തിനുള്ളിൽ വരാത്തതിനാൽ ടി നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ